(ബി) ഈ അസോസിയേഷനുകളുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(സി) ഈ അസോസിയേഷനുകളുടെ പ്രവർത്തനങ്ങളിൽ ഗവൺമെന്റിനുള്ള പങ്കാളിത്തം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ച 33 സംസ്ഥാന സ്പോർട്ട്സ് അസോസിയേഷനുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ അസോസിയേഷനുകളുടെ പ്രവർത്തനങ്ങളിൽ ഗവൺമെന്റിന് നേരിട്ട് പങ്കാളിത്തമില്ല. കേരള സ്പോർട്ട്സ് കൗൺസിലാണ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്.

പീരുമേടു താലൂക്കിലെ മൃഗാശുപത്രി

516 [924] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പീരുമേടു താലൂക്കിൽ വാഗമൺ എന്ന സ്ഥലത്തു പുതിയതായി അനുവദിച്ച മൃഗാശുപത്രി പ്രവർത്തനം ആരംഭിക്കുന്നതിനു നിർദ്ദേശം നൽകുമോ:

(ബി) പുതിയ മൃഗാശുപത്രിയിൽ കന്നുകാലികൾക്ക് കൃത്രിമ ബീജ സങ്കലനം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) വണ്ടൻമേട്ടിൽ പ്രവർത്തിച്ചിരുന്ന മൊബൈൽ ഫാം എയിഡ് യൂണിറ്റ് വാഗമണ്ണിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനു നിർദ്ദേശം നല്കിക്കഴിഞ്ഞിട്ടുണ്ട്.

(ബി) സാങ്കേതിക ഉപകരണങ്ങളുടെ കുറവു നിമിത്തം ഈ വർഷം കൂടുതൽ മൃഗാശുപത്രികളിൽ കൃത്രിമ ബീജസങ്കലന സൗകര്യം ഏർപ്പെടുത്തുന്നതിനു നിർവ്വാഹമില്ല.

കാവിലുംപാറ മൃഗാശുപത്രി

517 [925] ശ്രീ. കെ.വി. കണാരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

മരുതോംതറ വില്ലേജിൽ മൃഗ ചികിൽസ സൗകര്യം ഉണ്ടാക്കാൻ കഴിയുമാറ് കാവിലുംപാറ മൃഗാശുപത്രിയുടെ കീഴിൽ മരുതോംതറയിൽ ഒരു സബ് സെന്റർ തുറന്നു പ്രവർത്തിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ നിർദ്ദേശം പരിശോധിച്ചു വരുന്നു.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly